# 2007-ലെ 34-ാം ആക്ട്

# 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് *

കേരള സംസ്ഥാനത്ത് ചില തരത്തിലുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രത്യേകം വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്ട്

പീഠിക.—കേരള സംസ്ഥാനത്ത് ചിലതരത്തിലുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയെട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.— (1) ഈ ആക്ടിന് 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2006 ഡിസംബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) “സാമൂഹ്യവിരുദ്ധ പ്രവർത്തനം" എന്നാൽ പൊതു ജനങ്ങൾക്കിടയിലോ അതിന്റെ ഏതെങ്കിലും വിഭാഗത്തിലോ എന്തെങ്കിലും സുരക്ഷിതത്വമില്ലായ്മയോ

---

* 2007 ഒക്ടോബർ 15-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2007 ഒക്ടോബർ 15-ാം തീയതിയിലെ 1868-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

ആപത്തോ, ഭയമോ, അല്ലെങ്കിൽ വ്യക്തികളുടെ സുരക്ഷിതത്വത്തിനോ പൊതുജനങ്ങളുടെ സുരക്ഷിതത്വത്തിനോ പൊതുജനാരോഗ്യത്തിനോ പാരിസ്ഥിതിക വ്യവസ്ഥയ്ക്കോ എന്തെങ്കിലും ഭീഷണിയോ, പൊതുഖജനാവിനോ അല്ലെങ്കിൽ പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും സ്വത്തിനോ എന്തെങ്കിലും നഷ്ടമോ നാശമോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ ഇടയുള്ളതോ ആയ അപ്രകാരമുള്ള രീതിയിൽ പ്രവർത്തിക്കുന്നതും ഈ വകുപ്പിലെ (സി), (ഇ), (ജി), (എച്ച്), (ഐ), (എൽ), (എം), (എൻ), (ക്യൂ), (എസ്) എന്നീ ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും എന്നർത്ഥമാകുന്നു;

(എഎ) "ഉപദേശക ബോർഡ്" എന്നാൽ 8-ാം വകുപ്പുപ്രകാരം സർക്കാർ രൂപീകരിച്ച ഉപദേശക ബോർഡ് എന്നർത്ഥമാകുന്നു;

(ബി) "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(സി) "വ്യാജ വാറ്റുകാരൻ" എന്നാൽ അബ്കാരി ആക്റ്റിലേയും (1077-ലെ 1) അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും ഉത്തരവുകളിലേയും അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലേയും ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും മദ്യം, ലഹരി മരുന്ന് അല്ലെങ്കിൽ മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവ വാറ്റുകയോ, ഉല്പാദിപ്പിക്കുകയോ, സംഭരിക്കുകയോ, കടത്തിക്കൊണ്ടു പോകുകയോ, കടത്തുകയോ, ഇറക്കുമതി ചെയ്യുകയോ, കയറ്റുമതി ചെയ്യുകയോ, വിൽക്കുകയോ, വിതരണം നടത്തുകയോ ചെയ്യുകയും അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് പണം ചെലവാക്കുകയോ, വിനിയോഗിക്കുകയോ ഏതെങ്കിലും ആൾക്കോ ആൾ മുഖേനയോ മുകളിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും കാര്യങ്ങൾ ചെയ്യുന്നതിന് സഹായകരമാകുന്നതിനോ പിൻതുണ നൽകുന്നതിനോവേണ്ടി ഏതെങ്കിലും മൃഗം, വാഹനം, ഉരു, മറ്റ് യാത്രാ സൗകര്യങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും സംഭരണി മറ്റ് ഏതെങ്കിലും വസ്തുക്കൾ, എന്തുതന്നെ ആയാലും അവ നൽകുന്ന ആൾ

അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കാര്യം ചെയ്യുന്നതിന് മറ്റ് ഏതെങ്കിലും രീതിയിൽ പ്രേരിപ്പിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(ഡി) "അടുത്ത ബന്ധു" എന്നാൽ ഭർത്താവോ, ഭാര്യയോ, മാതാപിതാക്കളോ, കുട്ടികളോ, സഹോദരങ്ങളോ അല്ലെങ്കിൽ അപ്രകാരമുള്ള ഭർത്താവിന്റെയോ ഭാര്യയുടെയോ, മാതാപിതാക്കളുടെയോ, സഹോദരങ്ങളുടെയോ ഒന്നാം തലമുറയിലെ രക്തബന്ധമുള്ളവരോ എന്നർത്ഥമാകുന്നതും അത്തരത്തിലുള്ള ആളുകളുടെ കുട്ടികളും അവരുടെ ഭർത്താവോ അല്ലെങ്കിൽ ഭാര്യയോ ഉൾപ്പെടുന്നതുമാകുന്നു;

(ഇ) "കള്ളനോട്ട് നിർമ്മാതാവ് " എന്നാൽ അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും വ്യാജമായ നാണയമോ നോട്ടോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) യിലെ 30-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള വാല്യൂബിൾ സെക്യൂരിറ്റിയോ നിർമ്മിക്കുകയോ, ശേഖരിച്ച് വയ്ക്കുകയോ വിതരണം നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ഒരാൾ എന്ന് അർത്ഥമാകുന്നതും, അത്തരം ഏതെങ്കിലും പ്രവർത്തനങ്ങളെ അറിഞ്ഞു കൊണ്ട് പ്രേരിപ്പിക്കുന്ന ഒരാളും ഉൾപ്പെടുന്നതാകുന്നു;

(എഫ്) "തടങ്കൽ ഉത്തരവ്" എന്നാൽ 3-ാം വകുപ്പുപ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവ് എന്നർത്ഥമാകുന്നു;

(ജി) "പാരിസ്ഥിതിക വിധ്വംസകൻ " എന്നാൽ നേരിട്ടുള്ള ഏതെങ്കിലും പ്രവൃത്തി യാൽ, സാമ്പത്തികമോ, വാണിജ്യപരമോ ആയ നേട്ടത്തിനുവേണ്ടി പരിസ്ഥിതിയുടെയോ നദികളുടെയോ സംരക്ഷണത്തെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിൻകിഴിലോ, ഏതെങ്കിലും സ്ഥലത്ത് നിന്ന് മണൽ ഖനനം ചെയ്യുന്നത് സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിൻകിഴിലോ, പാറപൊട്ടിക്കുന്നതോ ഖനനം നടത്തുന്നതോ ആയി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിൻകീഴിലോ, കുറ്റം ചെയ്യുന്ന ആൾ അല്ലെങ്കിൽ വനങ്ങളുടെയോ വന്യജീവികളുടെയോ സംരക്ഷണവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ ചെയ്യുകയോ ചെയ്യുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരു ആൾ എന്നർത്ഥമാകുന്നു.

(എച്ച്) "ഡിജിറ്റൽ ഡേറ്റ പകർപ്പവകാശ അപഹർത്താവ് " എന്നാൽ വാണിജ്യ ആവശ്യത്തിനായി ഏതെങ്കിലും പുസ്തകത്തിന്റെയോ സംഗീതത്തിന്റെയോ ചലച്ചിത്ര ത്തിന്റെയോ സോഫ്റ്റ് വെയറിന്റെയോ കലാപരമായതോ അല്ലെങ്കിൽ ശാസ്ത്രീയമായതോ ആയ സൃഷ്ടിയുടെയോ പകർപ്പവകാശവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമം അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും ലംഘിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും, അതിൽ നിയമവിരുദ്ധമായ ഏതെങ്കിലും സ്വാർത്ഥലാഭത്തിനുവേണ്ടി ഏതെങ്കിലും കമ്പ്യൂട്ടറിലോ ഏതെങ്കിലും ഡിജിറ്റൽ നെറ്റ് വർക്കിലോ അതിന്റെ ഉപയോക്താവായ ആളിന്റെ ഐഡന്റിറ്റിയിലൂടെ ഏതെങ്കിലും ആളെയോ ഏതെങ്കിലും കമ്പ്യൂട്ടർ സിസ്റ്റത്തെയോ കബളിപ്പിച്ചുകൊണ്ട് നിയമവിരുദ്ധമായി പ്രവേശിക്കുകയും നിയമവിരുദ്ധമായി ഉപയോഗിക്കുകയും ചെയ്യുന്ന ഒരാൾ ഉൾപ്പെടുന്നതുമാകുന്നു;

(ഐ) "മയക്കുമരുന്ന് കുറ്റവാളി " എന്നാൽ 1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റിനോ (1985-ലെ 61-ാം കേന്ദ്ര ആക്റ്റ്) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിനോ വിരുദ്ധമായി ഏതെങ്കിലും മയക്കുമരുന്ന് നിയമവിരുദ്ധമായി നട്ടുവളർത്തുകയോ ഉൽപ്പാദിപ്പിക്കുകയോ സംസ്ക്കരിച്ചെടുക്കുകയോ സംഭരിക്കുകയോ കടത്തിക്കൊണ്ട് പോകുകയോ വിൽക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന ഒരാൾ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് അത്തരത്തിലുള്ള എന്തെങ്കിലും പ്രവൃത്തി ചെയ്യുവാൻ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു;

(ജെ) "ഗുണ്ട" എന്നാൽ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ, പ്രത്യക്ഷമായോ പരോക്ഷമായോ പൊതുവ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന നിയമവിരുദ്ധ പ്രവൃത്തികൾ പ്രോൽസാഹിപ്പിക്കു കയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നതും, കൂടാതെ വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, ഡിജിറ്റൽ ഡേറ്റയും പകർപ്പവകാശവും അപഹർത്താവ്, മയക്കുമരുന്ന് കുറ്റവാളി, ഹവാല തട്ടിപ്പുകാരൻ, വാടക ചട്ടമ്പി, റൗഡി, അസാന്മാർഗ്ഗിക കുറ്റവാളി, കൊള്ള

പലിശക്കാരൻ, [1][മണിചെയിൻ കുറ്റക്കാരൻ], വസ്തു കയ്യേറ്റക്കാരൻ എന്നിവർ ഉൾപ്പെടുന്നതാകുന്നു;

(കെ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

[[2](എൽ) "ഹവാല തട്ടിപ്പുകാരൻ " എന്നാൽ ഇൻഡ്യൻ കറൻസിയോ വിദേശ കറൻസിയോ നിയമവിരുദ്ധമായി വാങ്ങുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും സംഘടിതവിഭാഗത്തിലെ അംഗമെന്ന നിലയിലോ അല്ലെങ്കിൽ സ്വന്തം നിലയിലോ അങ്ങനെയുള്ള നിയമവിരുദ്ധ പ്രവർത്തനത്തിൽ ഏർപ്പെടുന്ന ഒരാൾ എന്നർത്ഥമാകുന്നു.]

(എം) "വാടക ചട്ടമ്പി" എന്നാൽ അന്യായമായി സ്വമേധയായോ മറ്റൊരാൾ മുഖേനയോ ബലപ്രയോഗം നടത്തി ഏതെങ്കിലും വ്യക്തിക്ക് ഉപദ്രവം ഉണ്ടാക്കുന്നതിന് വേണ്ടിയോ ഏതെങ്കിലും വ്യക്തിയെ കുറ്റകരമായി ഭീഷണിപ്പെടുത്തുന്നതിനുവേണ്ടിയോ മറ്റൊരാൾക്ക് അവകാശപ്പെട്ട ഏതെങ്കിലും വസ്തുവിന് നാശം വരുത്തുന്നതിനോ, ഒരാളുടെ കൈവശമുള്ള ഏതെങ്കിലും സ്ഥാവരജംഗമ വസ്തുക്കളെ അയാളിൽനിന്നും നിയമവിരുദ്ധമായി ഒഴിപ്പിക്കുന്നതിനുവേണ്ടിയോ പണമായോ സാധനമായോ സാമ്പത്തികലാഭം കൈപ്പറ്റുന്ന ഏതൊരാളും എന്നർത്ഥമാകുന്നു;

(എൻ) "അസാന്മാർഗ്ഗിക കുറ്റവാളി" എന്നാൽ 1996-ലെ അസാന്മാർഗ്ഗിക പ്രവൃത്തികൾ (തടയൽ) ആക്റ്റിൻ (1956 ലെ 104-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഏതെങ്കിലും കുറ്റം ചെയ്യുകയോ ചെയ്യുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു;

(ഒ) "അറിയപ്പെടുന്ന ഗുണ്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും നിയന്ത്രണമോ തടങ്കലോ നിശ്ചയിക്കുന്ന ഉത്തരവിന്റെ തീയതി മുതൽ കണക്കാക്കിയ പ്രകാരം കഴിഞ്ഞ ഏഴു വർഷങ്ങൾക്കുള്ളിൽ ചെയ്ത പ്രവൃത്തികൾമൂലം ഒരു ഗുണ്ടയെ,—

1. 2014-ലെ 41-ാം നമ്പർ ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

2 2014-ലെ 41-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(i) 2–ാം വകുപ്പിലെ (ജെ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം "ഗുണ്ട" എന്ന പദത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ അധികാരമുള്ള കോടതിയോ ഭരണാധികാരിയോ ഒരിക്കലെങ്കിലും കുറ്റക്കാരനായി കാണുകയോ, അല്ലെങ്കിൽ

(ii) 2–ാം വകുപ്പിലെ (ജെ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം "ഗുണ്ട" എന്ന പദത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ, ഒരേ ഇടപാടിന്റെ ഭാഗമാകാത്ത ഒന്നിലധികം വ്യത്യസ്ത സംഭവങ്ങളിൽ, പോലീസ് ഉദ്യോഗസ്ഥർ അല്ലാത്ത ആളുകളുടെ പരാതികളിൻമേൽ, അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥനോ അധികാരസ്ഥനോ അധികാരമുള്ള കോടതിയോ നടത്തിയ ഏതെങ്കിലും പരിശോധനയിലോ അന്വേഷണത്തിലോ ഏതെങ്കിലും കുറ്റം ചെയ്തതായി കാണുന്നതോ ആയ അപ്രകാരമുള്ള ഗുണ്ട എന്നർത്ഥമാകുന്നു:

എന്നാലും ചാരായമോ, സ്പിരിറ്റോ, കള്ളനോട്ടോ, മണലോ, വനോല്പന്നമോ, പകർപ്പവകാശം ലംഘിക്കുന്ന വസ്തുക്കളോ, മയക്കമരുന്നുകളോ, ലഹരിപദാർത്ഥങ്ങളോ അല്ലെങ്കിൽ ഹവാല തട്ടിപ്പിൽ ഉൾപ്പെട്ട കറൻസിയോ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ പിടിച്ചെടുത്തതിനെത്തുടർന്ന് ഒരു പോലീസുദ്യോഗസ്ഥൻ നിയമാനുസൃത അധികാരസ്ഥാനം മുമ്പാകെ ഫയൽ ചെയ്ത ഒരു റിപ്പോർട്ടിൻമേലുള്ള ഒരു കുറ്റം ഒരു പോലീസ് ആഫിസർ ആരംഭിച്ച നടപടിയിൽനിന്നും ഉണ്ടായ റിപ്പോർട്ട് ആണെങ്കിൽത്തന്നെയും അത് പരിഗണനയ്ക്കായി ഉൾപ്പെടുത്താവുന്നതാണ്.

വിശദീകരണം.— ഒരാൾ അറിയപ്പെടുന്ന ഗുണ്ടയാണോ എന്ന് നിശ്ചയിക്കുന്നതിന് ഒരാൾ ഒരു കുറ്റകൃത്യത്തിൽ ഉൾപ്പെടുന്ന സംഭവം 2–ാം വകുപ്പിൽ (പി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അറിയപ്പെടുന്ന റൗഡിയുടെ നിർവ്വചനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്കനുസൃതമാണെങ്കിൽ ആ സംഭവം മറ്റ് സംഗതികളോടൊപ്പം പരിഗണനയ്ക്കായി എടുക്കാവുന്നതാണ്.

(പി) "അറിയപ്പെടുന്ന റൗഡി" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും നിയന്ത്രണമോ തടങ്കലോ നിശ്ചയിച്ച ഉത്തരവിന്റെ തീയതി മുതൽ കണക്കാക്കിയ പ്രകാരം കഴിഞ്ഞ ഏഴ് വർഷങ്ങൾക്കുള്ളിൽ ചെയ്ത പ്രവൃത്തികളുടെ കാരണത്താൽ,—

(i) 2–ാം വകുപ്പിലെ (ടി) ഖണ്ഡത്തിലെ ഇനം (i)–ന്റെ കീഴിൽ പരാമർശിച്ചിട്ടുള്ള രീതിയിലുള്ള കുറ്റത്തിന് അല്ലെങ്കിൽ പ്രസ്തുത ഖണ്ഡത്തിൻകീഴിൽ അപ്രകാരംതന്നെ വിജ്ഞാപനം ചെയ്തിട്ടുളള ഏതെങ്കിലും കുറ്റത്തിന് അധികാരിതയുളള ഒരു കോടതി കുറഞ്ഞത്, ഒരിക്കലെങ്കിലും കുറ്റക്കാരനാക്കിയിട്ടുള്ളതോ; അല്ലെങ്കിൽ

(ii) 2–ാം വകുപ്പിലെ (ടി) ഖണ്ഡത്തിലെ ഇനം (ii)–ന്റെ കീഴിൽ പരാമർശിച്ചിട്ടുള്ള കുറ്റത്തിന് അല്ലെങ്കിൽ പ്രസ്തുത ഖണ്ഡത്തിൻകിഴിൽ അപ്രകാരംതന്നെ വിജ്ഞാപനം ചെയ്തിട്ടുളള ഏതെങ്കിലും കുറ്റത്തിന് അധികാരിതയുളള ഒരു കോടതി കുറഞ്ഞത്, രണ്ടുപ്രാവശ്യമെങ്കിലും കുറ്റക്കാരനാക്കിയിട്ടുളളതോ; അല്ലെങ്കിൽ

(iii) 2–ാം വകുപ്പിലെ (ടി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുളള ഏതെങ്കിലും കുറ്റം ഒരേ ഇടപാടിന്റെ ഭാഗമാകാത്ത മൂന്ന് വ്യത്യസ്ത സംഭവങ്ങളിൽ ചെയ്തിട്ടുണ്ടെന്ന്, പോലീസ് ഉദ്യോഗസ്ഥർ അല്ലാത്ത ആളുകളുടെ പരാതിയിൻമേൽ അധികാരമുളള ഒരു പോലീസ് ഉദ്യോഗസ്ഥനോ മറ്റ് അധികാരസ്ഥനോ നടത്തിയ പരിശോധനയിലോ അന്വേഷണത്തിലോ കണ്ടെത്തിയിട്ടുള്ളതോ ആയ ഒരാൾ എന്നർത്ഥമാകുന്നു:

എന്നാൽ, ഒരു വ്യക്തി ചെയ്യുന്ന ഏതെങ്കിലും കുറ്റം,—

(i) കുടുംബത്തിലെ ഒരംഗമെന്ന നിലയിലുള്ള അയാളുടെ ഇടപെടലോ ഒരു കുടുംബ തർക്കമെന്ന ഒരു കാരണത്താൽ നടന്ന സംഭവത്തിലെ കുടുംബത്തിലെ ഒരടുത്ത ബന്ധുവെന്ന നിലയിലോ ഇരുഭാഗത്തും അടുത്ത ബന്ധുക്കളുടെ കുടുംബാംഗങ്ങൾ ഉൾപ്പെട്ട ഒരു കുടുംബ ലഹളയിലോ; അല്ലെങ്കിൽ

(ii) ഒരു അയൽക്കാരൻ എന്ന നിലയിലുള്ള അയാളുടെ ഇടപെടലോ തൊട്ടടുത്ത അയൽക്കാർ തമ്മിലുള്ള ഒരു തർക്കത്തിനാൽ നടന്ന ഒരു സംഭവത്തിലെ അയൽക്കാരന്റെ ഒരടുത്ത ബന്ധുവെന്ന നിലയിലോ; അല്ലെങ്കിൽ

(iii) സേവന വ്യവസ്ഥകൾ സംബന്ധിച്ച് അയാളും സ്ഥാപനവും തമ്മിലുള്ള ഒരു തർക്കത്തോടനുബന്ധിച്ചുള്ള ഒരു സംഭവത്തിൽ ഏതെങ്കിലും സ്ഥാപനത്തിലെ ഒരു ജീവനക്കാരൻ എന്ന നിലയിലുള്ള അയാളുടെ ഇടപെടലോ; അല്ലെങ്കിൽ

(iv) ഒരംഗീകൃത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥി സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ 2-ാം വകുപ്പ് (ടി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റകരമാകാവുന്ന ഒരു പ്രവൃത്തിയിൽ വെറും സാന്നിദ്ധ്യംകൊണ്ട് എന്നാൽ പരസ്യമായ പ്രവർത്തനത്താലല്ലാതെയും അതിന് സഹായകമായ കുറ്റകരമായ ഗൂഢാലോചനയിൽ പങ്കെടുക്കാതെയും ആ സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ പൊതുവായ ഇടപെടൽമൂലം, സംഭവിച്ചിട്ടുള്ള ഒരു സംഭവത്തിൽ ആ പ്രത്യേക സംഭവത്തിലുള്ള അയാളുടെ ഇടപെടൽമൂലവും; അല്ലെങ്കിൽ

(v) ഒരംഗീകൃത രാഷ്ട്രീയ പാർട്ടിയിലെ അംഗമെന്ന നിലയിൽ, 2-ാം വകുപ്പ് (റ്റി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റകരമാകാവുന്ന ഒരു പ്രവൃത്തിയിൽ പരസ്യമായ പ്രവർത്തനം കൂടാതെയുള്ള വെറും സാന്നിദ്ധ്യംകൊണ്ടും അതിന് സഹായകമായ കുറ്റകരമായ ഗൂഢാലോചനയിൽ ഉൾപ്പെടാതെയും, അധികാരിതയുള്ള പോലീസ് ഓഫീസറെയോ, മജിസ്ട്രേറ്റിനെയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് പാർട്ടി സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലോ പ്രതിഷേധത്തിലോ പരിപാടിയിലോ ആ പാർട്ടിയിലെ പ്രവർത്തകരുടെ പൊതുവായ ഇടപെടൽകൊണ്ട് ഉണ്ടായിട്ടുള്ള ഒരു സംഭവത്തിലും; അല്ലെങ്കിൽ

(vi) പതിനെട്ട് വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് അയാൾ ചെയ്തിട്ടുള്ള ഒരു കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിരിക്കുന്നതുമൂലവും, അയാൾ ഒരു അറിയപ്പെടുന്ന റൗഡിയാണെന്ന് തീരുമാനിക്കുന്നതിനായി കണക്കിലെടുക്കാവുന്ന കുറ്റങ്ങളുടെ എണ്ണം കണക്കാക്കുന്നതിൽനിന്നും ഒഴിവാക്കേണ്ടതാണ്.

(ക്യു) “കൊള്ളപ്പലിശക്കാരൻ” എന്നാൽ [1][1958–ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെയോ (1958–ലെ 35) 2012–ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ആക്റ്റിലെയോ (2013–ലെ 2) അല്ലെങ്കിൽ തത്സസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് അമിതപ്പലിശയ്ക്ക് പണം കടം കൊടുത്ത ആൾ അല്ലെങ്കിൽ  അങ്ങനെ അമിതപലിശയ്ക്ക് നൽകിയ] വായ്പയുടെ ഏതെങ്കിലും ഭാഗമോ അതിന്റെ പലിശയോ, അതിന്റെ ഏതെങ്കിലും ഗഡുവോ പിരിക്കുന്നതിനോ വായ്പ ഇടപാടുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു എടുക്കുന്നതിനോ, വായ്പത്തുക ഭാഗികമായോ മുഴുവനുമായോ അതിന്മേലുള്ള പലിശയോ ഈടാക്കുന്നതിനോവേണ്ടി ഏതെങ്കിലും വ്യക്തിക്ക് നേരെ നേരിട്ടോ അല്ലാതെയോ മറ്റൊരാൾ മുഖേനയോ ശാരീരികമായ അക്രമം നടത്തുകയോ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന ഒരു പണം കടംകൊടുപ്പുകാരനോ, പണം കൊടുപ്പുകാരനാൽ ഏർപ്പാടാക്കിയിട്ടുള്ള ഏതെങ്കിലും ആളോ അയാൾക്കുവേണ്ടി  പ്രവർത്തിക്കുന്ന ഒരാളോ എന്നർത്ഥമാകുന്നു;

[2][(ക്യൂ എ) “ഭൗതിക വസ്തു” എന്നാൽ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനം ചെയ്യുന്നതിനോ ചെയ്യുവാൻ ശ്രമിക്കുന്നതിനോ അല്ലെങ്കിൽ ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനോ ഏതെങ്കിലും ആൾ, നേരിട്ടോ അല്ലെങ്കിൽ മറ്റ് വിധത്തിലോ, ഉപയോഗിച്ച ഏതെങ്കിലും സാധനമോ ഉരുവോ വാഹനമോ മൃഗമോ ഉൾപ്പെടെയുള്ള ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു എന്നർത്ഥമാകുന്നു;

(ക്യൂ ബി) “മണിചെയിൻ കുറ്റക്കാരൻ” എന്നാൽ 1978–ലെ പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ്(ബാനിംഗ്) ആക്റ്റ് (1978–ലെ 43–ാം കേന്ദ്ര ആക്റ്റ്) പ്രകാരം കുറ്റകരമായിട്ടുള്ള മണി സർക്കുലേഷൻ സ്കീം അല്ലെങ്കിൽ പ്രൈസ് ചിറ്റ് നടത്തുന്ന ഒരാൾ എന്നർത്ഥമാകുന്നു;]

---

1. 2014–ലെ 41–ാം നമ്പർ ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

2 2014–ലെ 41–ാം നമ്പർ ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

(ആർ) “പണം കടംകൊടുപ്പുകാരൻ” എന്നാൽ ഒരു വ്യക്തിഗത പണം കടംകൊടുപ്പുകാരൻ, അല്ലെങ്കിൽ ഏതു തരത്തിൽപ്പെട്ടതുമായ ഏതെങ്കിലും പണം കടംകൊടുക്കുന്ന സ്ഥാപനം എന്നർത്ഥാകുന്നു;

(എസ്) “വസ്തു കയ്യേറ്റക്കാരൻ” എന്നാൽ സർക്കാരിനോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥാപനത്തിനോ അല്ലെങ്കിൽ ഏതെങ്കിലും ആളിനോ അവകാശപ്പെട്ട ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു, തനിക്കുവേണ്ടിയോ, അല്ലെങ്കിൽ മറ്റാർക്കെങ്കിലും വേണ്ടിയോ നിയമവിരുദ്ധമായി കൈവശപ്പെടുത്തുന്ന ഒരാൾ എന്നർത്ഥമാകുന്നതും നിയമവിരുദ്ധമായ കുടിയായ്മകളിലോ പാട്ടത്തിന്റെയും ലൈസൻസിന്റെയും കരാറുകളിലോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുക്കളെ സംബന്ധിക്കുന്ന പ്രത്യക്ഷമായതോ പരോക്ഷമായതോ ആയ മറ്റേതെങ്കിലും കരാറുകളിൽ ഏർപ്പെടുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുക്കൾ നിയമവിരുദ്ധമായി കൈവശപ്പെടുത്തുന്നതിനോ അതിന്മേൽ അനധികൃത എടുപ്പുകൾ നിർമ്മിക്കുന്നതിനോവേണ്ടി ഏതെങ്കിലും ആളിന് അറിഞ്ഞുകൊണ്ട് സാമ്പത്തിക സഹായം നൽകുകയോ അല്ലെങ്കിൽ കുറ്റകരമായ ഭീഷണിപ്പെടുത്തലിലൂടെ വാടകയോ നഷ്ടപരിഹാരമോ മറ്റേതെങ്കിലും ചാർജ്ജുകളോ അങ്ങനെയുള്ള വസ്തുക്കളുടെ ഏതെങ്കിലും കൈവശക്കാരിൽനിന്നും പിരിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഒരാൾ, അല്ലെങ്കിൽ നിയമപരമായ നടപടിക്രമം അവലംബിക്കാതെ ബലം പ്രയോഗിച്ച് അങ്ങനെയുള്ള ഏതെങ്കിലും കൈവശക്കാരനെ ഒഴിപ്പിക്കുകയോ അല്ലെങ്കിൽ ഒഴിപ്പിക്കാൻ ശ്രമിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുന്നതിന് ഏതെങ്കിലും രീതിയിൽ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ ഉൾപ്പെടെയുമാകുന്നു;

(ടി) "റൗഡി" എന്നാൽ ഒരാൾ സ്വന്തം നിലയിലോ, ഒരു സംഘത്തിലെ ഒരംഗമെന്ന നിലയിലോ 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) viii-ാം അദ്ധ്യായത്തിലെ 153A, 153B എന്നീ വകുപ്പുകളും xv-ഉം, xvi-ഉം, xvii-ഉം, xxii-ഉം അദ്ധ്യായങ്ങളും പ്രകാരമുള്ള ഏതെങ്കിലും കുറ്റങ്ങളോ, 1959-ലെ ആയുധങ്ങൾ ആക്റ്റി (1959-ലെ 54-ാം കേന്ദ്ര ആക്റ്റ്)-ലെയോ 1908-ലെ

സ്ഫോടകവസ്തുക്കൾ ആക്റ്റി (1908-ലെ 6-ാം കേന്ദ്ര ആക്റ്റ്) -ലെ വ്യവസ്ഥകൾ പ്രകാരമുള്ള,—

(i) ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ചോ അതിലധികമോ വർഷങ്ങൾ . തടവിനായി ശിക്ഷാർഹമായതോ; അല്ലെങ്കിൽ

(ii) ഒരു വർഷത്തിൽ കുറഞ്ഞ തടവിന് ശിക്ഷാർഹമായത് ഒഴികെ ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ച് വർഷത്തിൽ കുറഞ്ഞ തടവിനായി ശിക്ഷാർഹമായതോ; അല്ലെങ്കിൽ

(iii) കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന (i) അല്ലെങ്കിൽ (ii) ഇനത്തിൻകീഴിൽ വരുന്ന തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമപ്രകാരമുള്ള അത്തരം കുറ്റങ്ങൾ ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു;

(യ) "ആഭ്യന്തര വകുപ്പ് സെക്രട്ടറി" എന്നാൽ കേരള സർക്കാരിന്റെ ആഭ്യന്തര സെക്രട്ടറി എന്നർത്ഥമാകുന്നതും ആഭ്യന്തര സെക്രട്ടറിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി സർക്കാരിനാൽ നിയമിതനായ ഏതെങ്കിലും ഗവൺമെന്റ് സെക്രട്ടറിയോ, പ്രിൻസിപ്പൽ സെക്രട്ടറിയോ അഥവാ അഡീഷണൽ ചീഫ് സെക്രട്ടറിയോ ഉൾപ്പെടുന്നതുമാകുന്നു.

3. <u>അറിയപ്പെടുന്ന ഗുണ്ടകളേയും അറിയപ്പെടുന്ന റൗഡികളെയും തടങ്കലിൽ വയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിനോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൻകിഴിൽ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ, ഏതെങ്കിലും അറിയപ്പെടുന്ന ഗുണ്ടയുടേയോ അറിയപ്പെടുന്ന റൗഡിയുടേയോ ഏതെങ്കിലും പ്രവർത്തനങ്ങളെ സംബന്ധിച്ച് പോലീസ് സൂപ്രണ്ടിന്റെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസറിൽ നിന്നും ലഭിക്കുന്ന വിവരം ബോദ്ധ്യപ്പെടുന്നപക്ഷം, അയാളെ കേരള സംസ്ഥാനത്തിനകത്ത് ഏതെങ്കിലും രീതിയിലുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ നിന്നും തടയുന്നതിന്

അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്നു കണ്ടാൽ, അങ്ങനെയുള്ള ആളിനെ തടങ്കലിൽ വയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(2) ഏതെങ്കിലും പ്രദേശത്ത് നിലവിലുള്ളതോ ഉണ്ടാകാനിടയുള്ളതോ ആയ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം, രേഖാമൂലമുള്ള ഉത്തരവിനാൽ, പ്രസ്തുത ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന കാലയളവിലേക്ക് അധികാരികതയുള്ള ജില്ലാ മജിസ്ട്രേറ്റിനോട് അദ്ദേഹത്തിന്റെ അധികാരപരിധിക്കുള്ളിൽ താമസിക്കുന്നതോ താമസിക്കുന്നതല്ലാത്തതോ ആയ അത്തരം വ്യക്തികളെ സംബന്ധിച്ച് അങ്ങനെയുള്ള അധികാരപരിധിക്കുള്ളിൽ അത്തരം വ്യക്തികൾ ഏർപ്പെടുന്നതോ ഏർപ്പെടുവാൻ ഇടയുള്ളതോ പ്രേരിപ്പിക്കുന്നതാ ആയ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനത്തെ സംബന്ധിച്ച് (1)–ാം ഉപവകുപ്പിൻകീഴിൽ അധികാരം വിനിയോഗിക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(3) (2)–ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചാൽ ഉത്തരവിന്റെ പകർപ്പും ഉപോത്ബലകമായ രേഖകളും ആ വിഷയവുമായി ബന്ധമുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്ന മറ്റ് വിവരങ്ങളും സഹിതം ആ വസ്തുത അദ്ദേഹം ഉടനടി സർക്കാരിനും കേരള പോലീസ് ഡയറക്ടർ ജനറലിനും റിപ്പോർട്ട് ചെയ്യേണ്ടതും, അങ്ങനെയുള്ള യാതൊരു ഉത്തരവിനും, അത് പുറപ്പെടുവിച്ച് അങ്ങനെയുള്ള അറിയപ്പെടുന്ന ഗുണ്ടയേയോ, അറിയപ്പെടുന്ന റൗഡിയേയോ തടങ്കലിൽ വച്ച തീയതി മുതൽ 12 ദിവസത്തിലധികംകാലം, (പൊതു അവധി ദിവസങ്ങൾ ഒഴിച്ച്) സർക്കാരോ സർക്കാർ പൊതുവായി അധികാരപ്പെടുത്തിയിട്ടുള്ളപക്ഷം, ആഭ്യന്തരവകുപ്പ് സെക്രട്ടറിയോ അതിനകം അംഗീകാരം നൽകിയിട്ടില്ലാത്തപക്ഷം, പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

4. <u>തടങ്കൽ ഉത്തരവുകൾ നടപ്പാക്കൽ.</u>—1973–ലെ ക്രിമിനൽ നടപടി നിയമ സംഹിതയിൽ ( 1974–ലെ 2–ാം കേന്ദ്ര ആക്റ്റ്) അറസ്റ്റ് വാറണ്ടുകൾ നടപ്പിലാക്കുന്നതിന്

വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ കേരള സംസ്ഥാനത്തെ ഏതൊരു സ്ഥലത്തും ഒരു തടങ്കൽ ഉത്തരവ് നടപ്പിലാക്കാവുന്നതാണ്.

5. തടങ്കലിനുള്ള സ്ഥലങ്ങൾ.—ഏതൊരാളിനെ സംബന്ധിച്ചാണോ തടങ്കൽ ഉത്തരവ് ഉണ്ടായിട്ടുള്ളത്, അയാളെ കേരള സംസ്ഥാനത്തിനകത്തുള്ള സെൻട്രൽ ജയിലുകളിലോ ജില്ലാ ജയിലുകളിലോ തടങ്കലിൽ ആക്കേണ്ടതും തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ച അധികാരിയുടെ ഒപ്പും സീലും ഉൾകൊള്ളുന്ന തടങ്കൽ ഉത്തരവിന്റെ പകർപ്പ് അങ്ങനെയുള്ള ആളിനെ ജയിലിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടിന് നൽകേണ്ടതുമാണ്.

6. ഒളിവിൽപ്പോകുന്ന ആളുകളെ സാബന്ധിച്ച അധികാരങ്ങൾ.—(1)ഏത് ആളിനെ സംബന്ധിച്ചാണോ ഒരു തടങ്കൽ ഉത്തരവ് ഉണ്ടായിട്ടുള്ളത് ആ ആൾ ഉത്തരവ് നടപ്പിലാക്കാൻ കഴിയാത്തവിധം ഒളിവിൽ പോയിട്ടുണ്ടെന്നോ സ്വയം മറഞ്ഞിരിക്കുന്നുവെന്നോ സർക്കാരിനോ 3–ാം വകുപ്പ് (2)–ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ വിശ്വസിക്കാൻ കാരണം ഉണ്ടെങ്കിൽ സർക്കാരിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഓഫീസർക്കോ,—

(എ) മേൽപ്പറഞ്ഞ ആൾ സാധാരണയായി താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ള ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിനോ അത് സംബന്ധിച്ച ലിഖിതമായ റിപ്പോർട്ട് നൽകാവുന്നതും;

(ബി) ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവുവഴി ആ ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന ഉദ്യോഗസ്ഥൻ മുമ്പാകെയും അങ്ങനെയുള്ള സ്ഥലത്തും അങ്ങനെയുള്ള കാലാവധിക്കുള്ളിലും ഹാജരാകുവാൻ പ്രസ്തുത ആളിനോട് നിർദ്ദേശിക്കാവുന്നതുമാണ്.

(2) (1)–ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും ആളിനെതിരെ റിപ്പോർട്ട് നൽകപ്പെടുമ്പോൾ അയാൾക്കെതിരെയുള്ള തടങ്കൽ ഉത്തരവ് മജിസ്ട്രേററ് പുറപ്പെടുവിച്ച ഒരു വാറണ്ടിനു സമാനമായി പരിഗണിച്ച് 1973–ലെ ക്രിമിനൽ നടപടി

നിയമസംഹിതയിലെ (1974-ലെ 2) 82,83,84,85,86 വകുപ്പുകളിലെ വ്യവസ്ഥകൾ അയാൾക്കും അയാളുടെ സ്വത്തിനും എതിരെ ബാധകമായിരിക്കും.

(3) (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവ് പാലിക്കുന്നതിൽ ഏതെങ്കിലും ഒരാൾ വീഴ്ച വരുത്തുന്നപക്ഷം, അത് പാലിക്കുന്നതിന് അയാൾക്ക് സാധ്യമല്ലായിരുന്നുവെന്നും ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനു ള്ളിൽ അത് പാലിക്കുന്നതിന് സാധ്യമല്ലാതാക്കിത്തീർത്ത കാരണങ്ങളും അയാൾ എവിടെയായിരുന്നുവെന്നും ഉത്തരവിൽ പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നു വെന്നു തെളിയിക്കാത്തപക്ഷവും അല്ലെങ്കിൽ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥനെ അറിയിക്കാൻ സാധ്യമല്ലായിരുന്നുവെന്ന് തെളിയിക്കാത്തപക്ഷവും അയാൾ കുറ്റസ്ഥാപനത്തിന്മേൽ രണ്ടു വർഷക്കാലംവരെയാകുന്ന തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.

7. <u>തടങ്കൽ ഉത്തരവിന്റെ കാരണങ്ങൾ വെളിപ്പെടുത്തണമെന്ന്.</u>—(1) ഒരു തടങ്കൽ ഉത്തരവ് അനുസരിച്ച് ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ തടങ്കൽ ഉത്തരവ് അയാളെ വായിച്ചുകേൾപ്പിക്കേണ്ടതും അപ്രകാരമുള്ള ഉത്തരവിന്റെ ഒരു പകർപ്പ് അയാൾക്ക് കൊടുക്കേണ്ടതുമാണ്.

(2) ഏതെല്ലാം കുറ്റകൃത്യങ്ങളെ അടിസ്ഥാനമാക്കിയാണോ അയാൾ, അറിയപ്പെടുന്ന ഗുണ്ട അല്ലെങ്കിൽ അറിയപ്പെടുന്ന "റൗഡി"യാണ് എന്ന് കരുതപ്പെട്ടത് അപ്രകാരമുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പ്രസക്തമായ കഴിയുന്നത്ര രേഖകളുടെ പകർപ്പുകളും, ഏതെല്ലാം പ്രവർത്തനങ്ങളെ സംബന്ധിച്ച വസ്തുതകളെ അടിസ്ഥാന മാക്കിയാണോ അയാളുടെ തടങ്കൽ അനിവാര്യമായത്, അപ്രകാരമുള്ള പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളും സഹിതം, അയാളുടെ കുറ്റകൃത്യങ്ങൾ വിശദമാക്കി ക്കൊണ്ടും തടങ്കലിന്റെ കാരണങ്ങൾ എത്രയും വേഗം എങ്ങനെയായിരുന്നാലും, അഞ്ചു ദിവസത്തിനകം അയാൾക്ക് നൽകേണ്ടതും അയാളുടെ തടങ്കലിനെതിരെ സർക്കാരി ലേക്കും ഉപദേശക ബോർഡിലേക്കും പരാതി നൽകുവാൻ അയാൾക്ക് അവകാശം

ഉണ്ടായിരിക്കുന്നതാണെന്നും, അയാളെ രേഖാമൂലം അറിയിക്കേണ്ടതും ആയതിന്, കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്:

എന്നാൽ, അപ്രകാരമുള്ള വെളിപ്പെടുത്തൽ ഏതെങ്കിലും രഹസ്യ സ്രോതസ്സിന്റെ അടയാളം വെളിപ്പെടുത്തുന്നതോ, അല്ലെങ്കിൽ ആഭ്യന്തര സുരക്ഷയുടെയോ ദേശീയ സുരക്ഷയുടെയോ താൽപ്പര്യത്തിന് വിപരീതമാകുകയോ ചെയ്യുന്നതാണെങ്കിൽ, തടങ്കലി ലാക്കപ്പെട്ട ആളോട് അപ്രകാരമുള്ള ഏതെങ്കിലും സംഗതികൾ വെളിപ്പെടുത്തുന്നതിന് ഏതെങ്കിലും അധികാരസ്ഥാനത്തോട് ഈ വകുപ്പിലെ യാതൊന്നും ആവശ്യപ്പെടുന്നില്ല.

(3) അങ്ങനെയുള്ള ആളെ തടങ്കലിൽ സൂക്ഷിക്കുന്ന ജയിലിലെ സൂപ്രണ്ട് അയാൾക്ക് ഒരു അഭിഭാഷകന്റെ ഉപദേശം തേടുന്നതിനുള്ള ന്യായമായ എല്ലാ അവസരവും നൽകേണ്ടതും, തടങ്കൽ ഉത്തരവിനെതിരെ സർക്കാരിലോ, ഉപദേശക ബോർഡിലോ പരാതി കൊടുക്കുന്നതിന് ന്യായമായ എല്ലാ സഹായവും നൽകേണ്ടതുമാണ്.

(4) അറിയപ്പെടുന്ന ഗുണ്ട അല്ലെങ്കിൽ അറിയപ്പെടുന്ന റൗഡി ആണെന്ന് തരംതിരിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ വ്യവസ്ഥകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം തടങ്കലിന് നിദാനമായി കാണിച്ചിട്ടുള്ള വസ്തുതകളിലും സാഹചര്യങ്ങളിലും ഒന്നോ, അതിലധികമോ അവ്യക്തമായിരിക്കുകയോ നിലനിൽക്കാത്തതോ അപ്രസക്തമോ അല്ലെങ്കിൽ ഏതെങ്കിലും കാരണവശാൽ അസാധുവോ ആണ് എന്ന കാരണത്താൽ മാത്രം തടങ്കൽ ഉത്തരവ് അസാധുവായി കണക്കാക്കാൻ പാടില്ലാത്തതും അങ്ങനെ യുള്ള ഉത്തരവ് സർക്കാരോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ബാക്കിയുള്ള വസ്തുതകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ, തടങ്കലിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ളതാണെന്ന് കരുതേണ്ടതുമാണ്.

8. <u>ഉപദേശക ബോർഡിന്റെ രൂപവൽക്കരണം</u>.— (1) സർക്കാർ ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾക്കായി ആവശ്യമായേക്കാവുന്ന ഒന്നോ അല്ലെങ്കിൽ അപ്രകാരമുള്ള എണ്ണമോ ഉപദേശക ബോർഡുകൾ വിനിർദ്ദേശിച്ചേക്കാവുന്ന അപ്രകാരമുള്ള

പ്രാദേശികമോ അല്ലെങ്കിൽ പ്രവർത്തിപരമായോ ആയ അധികാരിതയോടുകൂടി, രൂപവർക്കരിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഓരോ ബോർഡിലും ഹൈക്കോടതി ജഡ്ജിയോ, ഹൈക്കോടതിയിൽ ജഡ്ജി ആയിരുന്നതോ ആയ ആൾ ചെയർമാനും, കൂടാതെ ഭാരതത്തിന്റെ ഭരണഘടന പ്രകാരം ഒരു ഹൈക്കോടതി ജഡ്ജി ആയി നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ള മറ്റ് രണ്ട് അംഗങ്ങളും അടങ്ങിയിരിക്കേണ്ടതാണ്.

(3) ഉപദേശക ബോർഡിന്റെ ചെയർമാന്റേയും അംഗങ്ങളുടേയും കാലാവധിയും സേവന വേതന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

9. <u>ഉപദേശക ബോർഡിലേക്കുള്ള റഫറൻസ്.</u>—ഈ ആക്റ്റ് പ്രകാരമുള്ള തടങ്കൽ ഉത്തരവ് നൽകിയിട്ടുള്ള ഓരോ സംഗതിയിലും, സർക്കാർ ഒരാളെ തടങ്കലിൽ വച്ച തീയതി മുതൽ മൂന്ന് ആഴ്ചയ്ക്കുള്ളിൽ, ഉത്തരവ് നൽകിയതിന്റെ കാരണങ്ങളും, ഈ ഉത്തരവ് ബാധിക്കപ്പെട്ട ആൾ നൽകിയ നിവേദനം ഏതെങ്കിലുമുണ്ടെങ്കിൽ അതും, അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ നൽകിയ ഉത്തരവിന്റെ സംഗതിയിൽ, 3–ാം വകുപ്പ് (3)–ാം ഉപവകുപ്പ് പ്രകാരമുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് സഹിതം ഉപദേശക ബോർഡ് മുമ്പാകെ വയ്ക്കേണ്ടതാണ്.

10. <u>ഉപദേശക ബോർഡിന്റെ നടപടിക്രമവും തുടർ നടപടികളും.</u>—(1) മേൽപ്പറഞ്ഞ വകുപ്പിൻകീഴിൽ ഒരു റഫറൻസ് നൽകപ്പെട്ടിട്ടുള്ള ഉപദേശക ബോർഡിന് പ്രസ്തുത റഫറൻസും അതിന് മുമ്പാകെ സമർപ്പിക്കപ്പെട്ട വസ്തുതകളും പരിശോധിച്ചശേഷവും അതിനാവശ്യമെന്ന് തോന്നുന്ന മറ്റ് കൂടുതൽ വിവരങ്ങൾ സർക്കാരിൽ നിന്നോ സർക്കാർ മുഖേന ഈ ആവശ്യത്തിലേക്കായി വിളിച്ചുവരുത്തപ്പെടുന്ന മറ്റേതെങ്കിലും വ്യക്തിയിൽ നിന്നോ അല്ലെങ്കിൽ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ആവശ്യപ്പെട്ടും അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഗതിയിൽ അങ്ങനെ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് അതിനു തോന്നുന്നപക്ഷമോ അല്ലെങ്കിൽ ബന്ധപ്പെട്ട വ്യക്തി പറയാനുള്ളത് നേരിട്ടു കേൾക്കണമെന്ന് താൽപ്പര്യപ്പെടുമ്പോഴോ പ്രസ്തുത വ്യക്തിയെ നേരിട്ട് കേട്ടതിനുശേഷവും ബന്ധപ്പെട്ട വ്യക്തിയെ തടങ്കലിൽ വയ്ക്കേണ്ടതിന് മതിയായ

കാരണം ഉണ്ടോ ഇല്ലയോ എന്ന അതിന്റെ അഭിപ്രായം ഒരു പ്രത്യേക ഖണ്ഡികയായി വ്യക്തമാക്കിക്കൊണ്ട് അതിന്റെ റിപ്പോർട്ട് തയ്യാറാക്കേണ്ടതും, ആയത് ബന്ധപ്പെട്ട വ്യക്തിയെ തടങ്കലിൽ വച്ച ദിവസം മുതൽ ഒൻപത് ആഴ്ചകൾക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) ഉപദേശക ബോർഡ് അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്നപക്ഷം ഭൂരിപക്ഷത്തിന്റെ അഭിപ്രായം ബോർഡിന്റെ അഭിപ്രായമായി കരുതപ്പെടേണ്ടതാണ്. ഒരംഗം ഹാജരായില്ലെങ്കിലും ബോർഡിന്റെ തീരുമാനം അസാധുവാകുന്നതല്ല.

(3) ഈ ആക്റ്റിൻകീഴിൽ ഏതൊരാൾക്കെതിരെയാണോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് അയാൾക്ക്, ഉപദേശക ബോർഡിൽ റഫറൻസ് നൽകിയിട്ടുള്ള തുമായി ബന്ധപ്പെട്ട യാതൊരു കാര്യത്തിനും ഒരു അഭിഭാഷകൻ മുഖേന ഹാജരാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും ഉപദേശക ബോർഡിന്റെ അഭിപ്രായം വ്യക്തമാക്കിയിട്ടുള്ള ഭാഗമൊഴികെയുള്ള റിപ്പോർട്ടും ഉപദേശക ബോർഡിന്റെ നടപടിക്രമങ്ങളും രഹസ്യ സ്വഭാവമുള്ളതായിരിക്കുന്നതുമാണ്:

എന്നാൽ, യുക്തമെന്ന് കരുതുന്ന കേസുകളിൽ അഭിഭാഷകരെ അനുവദിക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു വ്യക്തിയെ തടങ്കലിൽ വയ്ക്കുന്നതിന് മതിയായ കാരണമുണ്ടെന്ന് ഉപദേശക ബോർഡിന് അഭിപ്രായമുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഓരോ കേസിലും സർക്കാർ തടങ്കൽ ഉത്തരവ് സ്ഥിരീകരിക്കേണ്ടതും അതിന് യുക്തമെന്ന് തോന്നുന്ന കാലയളവിലേക്ക് തടങ്കൽ തുടരാവുന്നതും ഉപദേശക ബോർഡിന്റെ അഭിപ്രായത്തിൽ ബന്ധപ്പെട്ട വ്യക്തിയെ തടങ്കലിൽ വയ്ക്കുന്നതിന് മതിയായ കാരണമില്ല എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഓരോ കേസിലും സർക്കാർ ഉത്തരവ് ഒഴിവാക്കേണ്ടതും ഉടൻതന്നെ വ്യക്തിയെ മോചിപ്പിക്കേണ്ടതുമാണ്.

11. ചില കാര്യങ്ങളിൽ തടങ്കൽ ഉത്തരവുകൾ സാധുത ഇല്ലാത്തതോ പ്രാവർത്തികമാകാത്തതോ ആകുന്നില്ലെന്ന്.—യാതൊരു തടങ്കൽ ഉത്തരവും,—

(എ) അതിൻകീഴിൽ തടവിലാക്കപ്പെട്ട ആളുകൾ സംസ്ഥാനത്തിനകത്തുള്ള വരാണെങ്കിൽത്തന്നെയും ഉത്തരവിടുന്ന ഉദ്യോഗസ്ഥന്റെ പ്രാദേശിക അധികാരിത പരിധിക്ക് പുറത്തായാൽ; അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ആളിന്റെ തടങ്കൽസ്ഥലം സംസ്ഥാനത്തിനകത്താണെങ്കിലും മേൽപ്പറഞ്ഞ പരിധിക്ക് പുറത്താണെങ്കിലും അക്കാരണങ്ങളാൽ മാത്രം അസാധുവോ പ്രാവർത്തികമാകാത്തതോ ആകുന്നതല്ല.

[1][12. തടങ്കലിൽ വയ്ക്കുന്നതിനുള്ള പരമാവധി കാലയളവ്.— ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും ആൾക്കെതിരെ നൽകിയിട്ടുള്ളതും 10-ാം വകുപ്പപ്രകാരം സ്ഥിര പ്പെടുത്തിയിട്ടുള്ളതുമായ ആദ്യ തടങ്കൽ ഉത്തരവ് അനുസരിച്ച് അയാളെ തടങ്കൽ തീയതി മുതൽ ആറ് മാസം വരെയാകാവുന്ന കാലയളവിലേക്കും അങ്ങനെയുള്ള ഒരാൾക്കെതിരെ പിന്നീട് നൽകുന്ന അങ്ങനെയുള്ള തടങ്കൽ ഉത്തരവ് പ്രകാരം പരമാവധി ഒരു വർഷം വരെയാകാവുന്ന കാലയളവിലേക്കും തടങ്കലിൽ വയ്ക്കാവുന്നതാണ്.]

13. തടങ്കൽ ഉത്തരവ് റദ്ദ് ചെയ്യൽ.— (1) ഒരു തടങ്കൽ ഉത്തരവ്, ഏതു സമയത്തും, സർക്കാരിന് റദ്ദ് ചെയ്യാവുന്നതോ വ്യത്യാസപ്പെടുത്താവുന്നതോ ആണ്.

(2) 2-ാം വകുപ്പിലെ (ഒ), (പി) ഖണ്ഡങ്ങളിൽ യഥാക്രമം പറഞ്ഞിരിക്കുന്ന അറിയപ്പെടുന്ന ഗുണ്ടയുടെയോ അറിയപ്പെടുന്ന റൗഡിയുടെയോ നിർവ്വചനത്തിൻ കീഴിൽ വരുന്ന ഒരാളായി അയാൾ തുടരുകയാണെങ്കിലും,—

(i) മോചനത്തിനുശേഷം, അയാൾ 2 (ഒ) വകുപ്പിലോ 2 (പി) വകുപ്പിലോ വിവരിക്കുന്ന തരത്തിലുള്ള ഒരു കുറ്റകൃത്യത്തിൽ ഏറ്റവും കുറഞ്ഞത് ഒരവസരത്തിലെങ്കിലും വീണ്ടും ഉൾപ്പെട്ടതായി കണ്ടാൽ; അല്ലെങ്കിൽ

---

1 2014-ലെ 41-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(ii) മുമ്പ് പുറപ്പെടുവിച്ച തടങ്കൽ ഉത്തരവിനുശഷം സർക്കാരിന്റെയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുന്ന വസ്തുതകൾ നേരത്തെ അറിയുന്ന വസ്തുതകളോടൊപ്പം പരിഗണിച്ച്, അയാൾ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതിനോ പ്രോത്സാഹിപ്പിക്കുന്നതിനോ പ്രേരിപ്പിക്കുന്നതിനോ സാധ്യതയുണ്ടെന്ന് ന്യായമായ ആശങ്ക ഉണ്ടെങ്കിൽ; അല്ലെങ്കിൽ

(iii) ആദ്യത്തെ ഉത്തരവ് പിൻവലിക്കുന്നതിനു കാരണമായ നടപടി ക്രമത്തിലെ തെറ്റുകളോ വീഴ്ചകളോ, തുടർന്നുള്ള ഉത്തരവ് സംബന്ധിച്ച് പാലിച്ച നടപടി ക്രമത്തിൽ പരിഹരിച്ച് ആദ്യത്തെ ഉത്തരവിന്റെ അതേ വസ്തുതകളെ അടിസ്ഥാനമാക്കിയാണ് തുടർന്നുള്ള ഉത്തരവെങ്കിൽ,

ഒരു തടങ്കൽ ഉത്തരവിന്റെ റദ്ദാക്കലോ കാലാവധി അവസാനിക്കലോ അതേ ആളിനെതിരെ 3-ാം വകുപ്പ് പ്രകാരമുള്ള മറ്റൊരു തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തടസ്സമാവുന്നതല്ല.

14. തടങ്കലിലുള്ള ആളുകളുടെ താൽക്കാലിക മോചനം.—സർക്കാരിന് ഏതു സമയത്തും, തടങ്കലിൽ വയ്ക്കാനുള്ള ഉത്തരവിനനുസൃതമായി, തടവിലാക്കിയിട്ടുള്ള ഏതൊരാളെയും ഉപാധികളില്ലാതെയോ, നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുള്ള ഉപാധികളിന്മേലോ, ഒരു ആഴ്ചയിൽ കവിയാത്ത ഒരു കാലയളവിലേക്ക് മോചിപ്പിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതും നേരത്തെ നൽകിയ അങ്ങനെയുള്ള നിർദ്ദേശം ഏതുസമയത്തും റദ്ദ് ചെയ്യാവുന്നതുമാണ്.

15. ചില ആളുകളുടെ സഞ്ചലനം നിയന്ത്രിച്ചുകൊണ്ട് ഉത്തരവ് നൽകുവാനുള്ള അധികാരം.— (1) അധികാരമുള്ള ജില്ലാ മജിസ്ട്രേറ്റ് അല്ലെങ്കിൽ അധികാരപരിധി ഉള്ള ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിൽ ഉള്ളതും അതിനു മുകളിലുള്ളതുമായ ഒരു പോലീസ് ഓഫീസർ, അറിയപ്പെടുന്ന ഗുണ്ട അല്ലെങ്കിൽ അറിയപ്പെടുന്ന റൗഡിയെ സംബന്ധിച്ച് ലഭിച്ച വിവരത്തിന്മേൽ, അയാൾക്ക് ഒരു നോട്ടീസ് നൽകിയോ അല്ലെങ്കിൽ അയാളുടെ കേരളത്തിൽ ഏതെങ്കിലും സാധാരണ വാസസ്ഥലമുണ്ടെങ്കിൽ അവിടെ പതിച്ചോ അയാളെ കേൾക്കുവാൻ ഒരവസരം നൽകിയ ശേഷം

അങ്ങനെയുള്ള മജിസ്ട്രേറ്റിന്റെ അല്ലെങ്കിൽ ഓഫീസറുടെ അധികാര പരിധിയിലുള്ള ഏതെങ്കിലും സ്ഥലത്ത് അയാൾ ഏതെങ്കിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനത്തിൽ ഏർപ്പെടുന്നുവെന്നോ അല്ലെങ്കിൽ ഏർപ്പെടാൻ പോകുന്നുവെന്നോ അല്ലെങ്കിൽ ഏർപ്പെടാൻ ഇടയുണ്ടെന്നോ ബോദ്ധ്യപ്പെടുന്നപക്ഷം അയാളെ തടയുന്നതിനുള്ള ഉദ്ദേശ്യത്തോടെ,—

(എ) ഉത്തരവിലെ വ്യവസ്ഥകൾ അയാളെ അനുവദിക്കാവുന്നിടത്തോളം ഒഴികെ, ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും പ്രദേശമോ സ്ഥലമോ ഒരു വർഷത്തിൽ കവിയാതെയുള്ള ഒരു കാലയളവിലേക്ക് സന്ദർശിക്കുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചുകൊണ്ടും;

(ബി) സംസ്ഥാനത്തിനകത്ത് അയാളുടെ സഞ്ചലനങ്ങളെക്കുറിച്ചുള്ള വിവരം ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയങ്ങളിലും അങ്ങനെയുള്ള അധികാരിയെ അല്ലെങ്കിൽ ആളിനെ ഒരു വർഷത്തിൽ കവിയാതെയുള്ള കാലയളവിലേക്ക് അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു ഉത്തരവ് നൽകാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതിന്റെ കാരണങ്ങളോടുകൂടിയ ഉത്തരവിന്റെ ഒരു പകർപ്പ് പോലീസ് ഡയറക്ടർ ജനറൽ മുഖേന സർക്കാരിന് അയച്ചു കൊടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവിനാൽ സങ്കട മനുഭവിക്കുന്ന ഏതൊരാൾക്കും ഉത്തരവ് നൽകിയ തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം ഉപദേശക ബോർഡിന് മുമ്പാകെ നിവേദനം നൽകാവുന്നതും അങ്ങനെയുള്ള നിവേദനം ലഭിക്കുന്ന മുറയ്ക്ക്, അത് പരിഗണിച്ചും യുക്തമായ അങ്ങനെയുള്ള രീതിയിൽ വസ്തുതകളും സാഹചര്യങ്ങളും അന്വേഷിച്ച് അങ്ങനെയുള്ള നിവേദനം ലഭിച്ച് മുപ്പതു ദിവസങ്ങൾക്കകം ഉത്തരവ് ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ സ്ഥിരീകരിക്കുകയോ ചെയ്യേണ്ടതാണ്.

(3) സർക്കാർ അല്ലെങ്കിൽ (1)–ാം ഉപവകുപ്പിൻകിഴിൽ ഉത്തരവ് പുറപ്പെടുവിച്ച അധികാരസ്ഥാനം, അതിന് സ്വന്തമായി, ഏത് സമയത്തും ഭാഗികമായോ പൂർണ്ണമായോ ഉത്തരവ് റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

(4) (1)–ാം ഉപവകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ് ലംഘിക്കുന്ന ഏതൊരാൾക്കും മൂന്നു വർഷം വരെ ആകാവുന്ന തടവ് ശിക്ഷ നൽകാവുന്നതാണ്.

(5) (1)–ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവിന് ഏതെങ്കിലും കാരണത്താൽ പ്രാബല്യമില്ലാതാവുകയാണെങ്കിൽ അയാൾ 2 (ഒ) അല്ലെങ്കിൽ 2 (പി) വകുപ്പിലെ അറിയപ്പെടുന്ന ഗുണ്ട അല്ലെങ്കിൽ അറിയപ്പെടുന്ന റൗഡി എന്ന നിർവ്വചനത്തിൽപ്പെടുന്ന ആളായി തുടരുകയാണെങ്കിലും അത്തരത്തിൽ അല്ലാതാകലിനുശേഷം ഒരു അവസരത്തിലെങ്കിലും അയാൾ വീണ്ടും 2 (ഒ) അല്ലെങ്കിൽ 2 (പി) വകുപ്പുകളിൽ പറയുന്ന സ്വഭാവത്തിലുള്ള ഒരു കുറ്റകൃത്യത്തിൽ ഉൾപ്പെടുകയാണെങ്കിൽ, പ്രസ്തുത ഉപവകുപ്പിൻകീഴിൽ അതേ വ്യക്തിക്കെതിരെ ഒരു പുതിയ ഉത്തരവ് പുറപ്പെടുവിക്കാം.

16. <u>തടങ്കലിൽ വയ്ക്കാൻ ഉത്തരവായിട്ടുള്ള ആളുകളെ ഒളിപ്പിക്കുന്നതിനുള്ള ശിക്ഷ.</u>—3–ാം വകുപ്പ് അനുസരിച്ച് ഏതെങ്കിലും ആളിനെ തടങ്കലിൽ വയ്ക്കാനോ 15–ാം വകുപ്പ് പ്രകാരം ഏതെങ്കിലും ആളിന്റെ സഞ്ചലനം നിയന്ത്രിക്കാനോ ഉത്തരവായിട്ടുണ്ടെന്ന് അറിയുന്നതോ വിശ്വസിക്കാൻ കാരണമുള്ളതോ ആയ ഏതൊരാളും അങ്ങനെയുള്ള ആളെ സംരക്ഷിക്കുകയോ ഒളിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ, മൂന്നുമാസത്തിൽ കുറയാത്തതും എന്നാൽ ഒരു വർഷംവരെ ആകാവുന്നതുമായ കാലയളവിലേക്കുള്ള തടവിന് ശിക്ഷിക്കപ്പെടേണ്ടതും ആയിരം രൂപ വരെയാകാവുന്ന പിഴയ്ക്കുകൂടി അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

[1][16 എ. <u>ഭൗതികവസ്തു ഉപയോഗിക്കുന്നതിന് നിരോധനം.</u>—(1) യാതൊരാളും, ഏതെങ്കിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനം ചെയ്യുന്നതിനോ ചെയ്യുവാൻ ശ്രമിക്കുന്നതിനോ അല്ലെങ്കിൽ ചെയ്യുവാൻ സഹായിക്കുന്നതിനോ പ്രേരണ നൽകുന്നതിനോ ഉള്ള

1 2014–ലെ 41–ാം നമ്പർ ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

ആവശ്യത്തിനായി ഏതെങ്കിലും ഭൗതികവസ്തു ഉപയോഗിക്കുവാനോ ഉപയോഗിക്കുവാൻ കാരണമാകുവാനോ ഉപയോഗിക്കുവാൻ അനുവദിക്കുവാനോ പാട്ടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിന് വിരുദ്ധമായി ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനം ചെയ്യുന്നതിനോ ചെയ്യുവാൻ ശ്രമിക്കുന്നതിനോ അല്ലെങ്കിൽ ചെയ്യുവാൻ സഹായിക്കുന്നതിനോ പ്രേരണ നൽകുന്നതിനോ ഉപയോഗിച്ച ഏതൊരു ഭൗതിക വസ്തുവും അങ്ങനെയുള്ള ഭൗതിക വസ്തുവുമായി ബന്ധപ്പെട്ട പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതായ ഏതെങ്കിലും നിയമം ഉണ്ടെങ്കിൽ അങ്ങനെയുള്ള നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ക്ഷമതയുള്ള ബന്ധപ്പെട്ട അധികാരസ്ഥാനം മുഖേന, പിടിച്ചെടുക്കലും കണ്ടുകെട്ടലും ഉൾപ്പെടെ, ആവശ്യമായ നടപടികൾക്ക് വിധേയമായിരിക്കുന്നതും അങ്ങനെയുള്ള മറ്റ് യാതൊരു നിയമവും നിലവിലില്ലാത്തപക്ഷം അങ്ങനെയുള്ള ഏതൊരു ഭൗതിക വസ്തുവും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പിടിച്ചെടുക്കലിനും കണ്ടുകെട്ടലിനും വിധേയമായിരിക്കുന്നതുമാണ്.

[1][17. <u>പരിശോധിക്കുന്നതിനും പിടിച്ചെടുക്കുന്നതിനും ഉള്ള അധികാരം.</u>—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതൊരു നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി, ഏതെങ്കിലും സ്ഥലമോ ആളെയോ പരിശോധിക്കുന്നതിനും, ഏതൊരു ഉരുവോ വാഹനമോ വണ്ടിയോ അല്ലെങ്കിൽ മൃഗത്തെയോ മറ്റ് ഏതൊരു ഗതാഗത ഉപാധിയേയോ തടഞ്ഞുനിർത്തുവാനും പരിശോധിക്കുന്നതിനും, 16 <u>എ</u> വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അത് ഉപയോഗിച്ചെന്നോ ഉപയോഗിക്കാൻ ശ്രമിച്ചുവെന്നോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് വിശ്വസിക്കുവാൻ തക്ക കാരണമുള്ള പക്ഷം, അങ്ങനെയുള്ള ഉരു, വാഹനം, വണ്ടി, മൃഗം, മറ്റ് ഗതാഗത ഉപാധികൾ എന്നിവ ഉൾപ്പെടെ, ഏതൊരു ഭൗതികവസ്തുവും 16 <u>എ</u> വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി പിടിച്ചെടുക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ഒരു പോലീസ് സബ്

1 2014-ലെ 41-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

ഇൻസ്പെക്ടറുടെ പദവിയിൽ താഴെ അല്ലാത്ത ഏതൊരു പോലീസ് ഉദ്യോഗസ്ഥനെയും അധികാരപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ ഉരു, വാഹനം, വണ്ടി, മൃഗം അല്ലെങ്കിൽ മറ്റ് ഗതാഗത ഉപാധികൾ എന്നിവ ഉൾപ്പെടെയുള്ള ഏതൊരു ഭൗതികവസ്തുവും കണ്ടെത്തുന്ന സംഗതികൾ,—

(എ) അങ്ങനെയുള്ള ഭൗതിക വസ്തുവുമായി ബന്ധപ്പെട്ട പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതായ മറ്റേതെങ്കിലും നിയമം ഉണ്ടായിരിക്കുകയും (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആളെയോ മേൽ പ്രസ്താവിച്ച ഏതെങ്കിലും ഗതാഗത ഉപാധിയോ തടഞ്ഞുവച്ചിരിക്കുകയും ചെയ്തിട്ടുള്ളപക്ഷം അക്കാര്യം, ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അങ്ങനെയുള്ള ഭൗതിക വസ്തു പിടിച്ചെടുക്കുന്നതിനും മറ്റ് തുടർ നടപടികൾ സ്വീകരിക്കുന്നതിനുംവണ്ടി, ഉടൻതന്നെ ക്ഷമതയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയോ അധികാരസ്ഥാനത്തെയോ അറിയിക്കേണ്ടതും;

(ബി) അങ്ങനെയുള്ള ഭൗതിക വസ്തു ഈ ആക്റ്റ് പ്രകാരം പിടിച്ചെടുക്കുന്നപക്ഷം അക്കാര്യം ഉടൻതന്നെ അധികാരിതയുള്ള ജില്ലാ മജിസ്ട്രേറ്റ് മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതും;

ആകുന്നു.]

[1][<u>17 എ. പരിശോധനയ്ക്കും പിടിച്ചെടുക്കലിനുമുള്ള നടപടിക്രമങ്ങൾ.</u>—(1) 17-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും സ്ഥലമോ ആളെയോ പരിശോധിക്കുന്നപക്ഷം അങ്ങനെയുള്ള പരിശോധനയ്ക്ക് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974 ലെ 2-ാം കേന്ദ്ര ആക്റ്റ്) 100-ാം വകുപ്പിലെ വ്യവസ്ഥകൾ, ആവശ്യമായ മാറ്റങ്ങളോടെ, ബാധകമായിരിക്കുന്നതും അങ്ങനെയുള്ള ഒരു

1 2014-ലെ 41-ാം നമ്പർ ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

ഉദ്യോഗസ്ഥൻ പിടിച്ചെടുക്കുന്ന ഏതൊരു വസ്തുവും കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് പ്രസ്തുത നിയമസംഹിതയിലെ 102–ാം വകുപ്പിന്റെ (3)–ാം ഉപവകുപ്പ് 457, 459, 481 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പ്രസ്തുത വകുപ്പുകളിലെ "മജിസ്ട്രേറ്റ്", "കോടതി" എന്ന പരാമർശങ്ങൾക്ക് "ജില്ലാ മജിസ്ട്രേറ്റ്" എന്നും "നിയമസംഹിത" എന്ന പരാമർശത്തിന് "ആക്റ്റ്" എന്നും രൂപഭേദപ്പെടുത്തിയ പ്രകാരം വ്യാഖ്യാനിക്കേണ്ടതാണ് എന്നതിന് വിധേയമായി ബാധകമായിരിക്കുന്നതും പ്രസ്തുത വകുപ്പുകളുടെ ആവശ്യങ്ങളിലേയ്ക്കായി പ്രസ്തുത നിയമസംഹിത പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള ഹൈക്കോടതി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ, അതതു സമയങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, ഈ ആക്റ്റിൻ കീഴിലുള്ള നടപടികൾക്കും കഴിയുന്നിടത്തോളം ബാധകമായിരിക്കുന്നതുമാണ്.

(2) ഈ ആക്റ്റിൻകീഴിൽ പിടിച്ചെടുത്ത ഏതെങ്കിലും ഭൗതിക വസ്തു സംബന്ധിച്ച് ജില്ലാ മജിസ്ട്രേറ്റ് പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള ഉത്തരവ് ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി മുമ്പാകെ ഒരു അപ്പീൽ നൽകാവുന്നതാണ്.

(3) (2)–ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പീൽ ലഭിക്കുന്ന സംഗതിയിൽ, അപ്പീൽ അധികാരസ്ഥാനം, അപ്പീൽവാദിക്ക് പറയുവാനുള്ളതു പറയുവാൻ ഒരു അവസരം നൽകിയതിനുശേഷം, ഏതു ഉത്തരവിൻമേലാണോ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത് ആ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ രൂപഭേദം വരുത്തിക്കൊണ്ടോ റദ്ദാക്കിക്കൊണ്ടോ അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

17 ബി. കണ്ടുകെട്ടലിനുള്ള നടപടിക്രമങ്ങൾ.—(1) ഈ ആക്റ്റിൻകീഴിൽ പിടിച്ചെടുത്ത ഏതെങ്കിലും ഭൗതികവസ്തു കണ്ടുകെട്ടുന്നതിനുള്ള യാതൊരു ഉത്തരവും, അത് ആരിൽ നിന്നാണോ പിടിച്ചെടുത്തത് അയാൾക്കും അങ്ങനെയുള്ള ഭൗതിക വസ്തുവിന്റെ ഉടമസ്ഥനും,—

(എ) അങ്ങനെയുള്ള ഭൗതിക വസ്തു കണ്ടുകെട്ടാൻ ഉദ്ദേശിക്കുന്നതിന്റെ കാരണങ്ങൾ അറിയിച്ചുകൊണ്ട് ലിഖിതമായ ഒരു നോട്ടീസ് നൽകാതെയും;

(ബി കണ്ടുകെട്ടലിന്റെ കാരണങ്ങൾക്ക് എതിരെ ആയതിനുള്ള നോട്ടീസിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ന്യായമായ സമയത്തിനുള്ളിൽ ലിഖിതമായ ഒരു നിവേദനം നൽകാനുള്ള ഒരു അവസരം നൽകാതെയും;

(സി) ഇക്കാര്യത്തിൽ പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെയും;

(ഡി) തെളിവുകൾ ഹാജരാക്കാൻ അവസരം നൽകാതെയും;

പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, അങ്ങനെയുള്ള ആൾ അജ്ഞാതനായിരിക്കുകയോ അല്ലെങ്കിൽ ആളെ കണ്ടെത്താൻ കഴിയാതിരിക്കുകയോ ചെയ്യുന്നപക്ഷം, ജില്ലാ മജിസ്ട്രേറ്റിന് 17 സി വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(2) ഉരു, വാഹനം, വണ്ടി, മൃഗം, മറ്റ് ഗതാഗത ഉപാധികൾ എന്നിവയുടെ ഉടമസ്ഥൻ, അവ അയാളുടെയോ, അയാളുടെ ഏജന്റ്, ആരെങ്കിലുമുണ്ടെങ്കിൽ, അയാളുടെയോ, അറിവോ ഒത്താശയോ കൂടാതെ സാമൂഹ്യവിരുദ്ധപ്രവർത്തനം ചെയ്യുന്നതിനായി ഉപയോഗിച്ചതാണെന്നും അങ്ങനെയുള്ള ഉരു, വാഹനം, വണ്ടി, മൃഗം, മറ്റ് ഗതാഗത ഉപാധികൾ എന്നിവയുടെ നിയന്ത്രണം ഉള്ള ആൾ അങ്ങനെയുള്ള ഉപയോഗത്തിനെതിരായി ന്യായമായതും ആവശ്യമായതുമായ എല്ലാ മുൻകരുതലുകളും എടുത്തിരുന്നുവെന്നും ജില്ലാ മജിസ്ട്രേറ്റിന് ബോദ്ധ്യമാകുന്നവിധം തെളിയിക്കുന്നപക്ഷം ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും ഭൗതികവസ്തു കണ്ടുകെട്ടുന്നതിനുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

17 സി. കണ്ടുകെട്ടലിനുള്ള ഉത്തരവ്.—(1) ജില്ലാ മജിസ്ട്രേറ്റിന് അദ്ദേഹത്തിന്റെ അധികാരിതയ്ക്കുള്ളിൽ വരുന്ന സംഗതികളിൽ, ഏതെങ്കിലും ഭൗതിക വസ്തു 16 എ വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഉപയോഗിച്ചിട്ടുണ്ടെന്നോ ഉപയോഗിക്കുന്നു

വെന്നോ അല്ലെങ്കിൽ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നുവെന്നോ ബോദ്ധ്യമാകുന്നപക്ഷം, അദ്ദേഹത്തിന്, അങ്ങനെയുള്ള ഭൗതികവസ്തു, അത് കൊണ്ടുപോകുന്നതിന് ഉപയോഗിച്ചിട്ടുള്ളതോ ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ശ്രമിക്കുന്നതോ ആയ ഉരുവോ വാഹനമോ വണ്ടിയോ മൃഗമോ മറ്റ് ഗതാഗത ഉപാധികളോ ഉൾപ്പെടെ, കണ്ടുകെട്ടുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(2) 16 എ വകുപ്പിന്റെ ലംഘനം നടത്തിയ ആളും പിടിച്ചെടുത്ത ഭൗതിക വസ്തുവിന്റെ ഉടമസ്ഥനും അജ്ഞാതനായിരിക്കുകയോ അല്ലെങ്കിൽ ആളെ കണ്ടെത്താൻ കഴിയാതിരിക്കുകയാ അല്ലെങ്കിൽ ഭൗതികവസ്തു വിട്ടുകിട്ടുന്നതിനോ മടക്കി കിട്ടുന്നതിനോ വേണ്ടി ആറുമാസത്തിനകം ആരും യാതൊരു അവകാശവാദവും ഉന്നയിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം, ജില്ലാ മജിസ്ട്രേറ്റിന്, കണ്ടുകെട്ടേണ്ടതായ ഭൗതിക വസ്തുക്കളുടെ വിശദവിവരങ്ങൾ വിനിർദ്ദേശിച്ചുകൊണ്ടും അതിൽ എന്തെങ്കിലും അവകാശവാദം ഉണ്ടായേക്കാവുന്ന ഏതൊരാളോടും വിളംബരത്തീയതി മുതൽ മൂന്നുമാസത്തിനകം തന്റെ മുമ്പാകെ ഹാജരാകുകയും അയാളുടെ അവകാശം സ്ഥാപിക്കുകയും ചെയ്യുവാൻ ആവശ്യപ്പെടുന്ന ഒരു വിളംബരം പുറപ്പെടുവിച്ചശേഷം, അവ കണ്ടുകെട്ടാവുന്നതാണെന്ന് അദ്ദേഹത്തിന് ബോധ്യപ്പെടുന്നപക്ഷം അവ കണ്ടുകെട്ടുന്നതിന് ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

17 ഡി. കണ്ടുകെട്ടലിന് വിധേയമല്ലാത്ത ഭൗതികവസ്തു ഉടമസ്ഥന് മടക്കി നൽകണമെന്ന്.—16 എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പിടിച്ചെടുക്കുകയും തടഞ്ഞുവയ്ക്കുകയും ചെയ്യപ്പെട്ട ഏതെങ്കിലും ഭൗതികവസ്തു ഈ ആക്റ്റ് പ്രകാരം കണ്ടുകെട്ടലിന് വിധേയമല്ലാത്തതാണ് എന്ന് ജില്ലാ മജിസ്ട്രേറ്റ് ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നപക്ഷം, അങ്ങനെയുള്ള ഉത്തരവ് തീയതി മുതൽ മുപ്പത് ദിവസ കാലയളവ് അവസാനിച്ചതിനു ശേഷം, തനിക്ക് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉപാധികൾ ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് വിധേയമായി, അപ്രകാരമുള്ള ഭൗതിക വസ്തു ആരിൽനിന്നാണോ പിടിച്ചെടുത്തത് അയാൾക്കോ അതിന്റെ ഉടമസ്ഥനോ വിട്ടുകൊടുക്കേണ്ടതാണ്.

17 ഇ. തെളിയിക്കാനുള്ള ബാദ്ധ്യത.—16 എ വകുപ്പുപ്രകാരമുള്ള ഏതെങ്കിലും ഭൗതികവസ്തു കണ്ടെത്തുന്നപക്ഷം, മറിച്ച് തെളിയിക്കപ്പെടുന്നതുവരെ, അങ്ങനെയുള്ള ഭൗതികവസ്തു കൈവശം വച്ചിരിക്കുന്നതായി കാണപ്പെടുന്ന ആൾ, പ്രസ്തുത വകുപ്പിലെ (1)–ാം ഉപവകുപ്പിന് വിരുദ്ധമായി പ്രവർത്തിച്ചതായി കരുതപ്പെടേണ്ടതും മറിച്ചാണെന്ന് തെളിയിക്കേണ്ട ബാദ്ധ്യത അങ്ങനെയുള്ള ഭൗതിക വസ്തു കൈവശം വച്ചിരിക്കുന്നതായി കാണപ്പെടുന്ന ആളിനോ അതിന്റെ ഉടമസ്ഥനോ ആയിരിക്കുന്നതുമാണ്.

17 എഫ്. കണ്ടുകെട്ടിയ ഭൗതികവസ്തു സർക്കാരിൽ നിക്ഷിപ്തമാകുന്നതാണെന്ന്.— ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും ഭൗതികവസ്തുവും അത് കൊണ്ടുപോകുന്നതിന് ഉപയോഗിച്ച ഗതാഗത ഉപാധി ഏതെങ്കിലും ഉണ്ടെങ്കിൽ അതും കണ്ടുകെട്ടുന്നതിനായി പുറപ്പെടുവിച്ച ഒരു ഉത്തരവ്, അങ്ങനെയുള്ള ഭൗതികവസ്തുവുമായി ബന്ധപ്പെട്ട തടങ്കൽ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടുള്ള സർക്കാരിന്റെ അന്തിമ തീരുമാനത്തിനുശേഷവും, 17 എ വകുപ്പ് (2)–ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള കാലാവധിക്കും അപ്പീൽ ഫയൽ ചെയ്തിട്ടുള്ളപക്ഷം ആയതിന്റെ തീർപ്പിനും ശേഷവും മറ്റ് നിയമനടപടികൾ ഉണ്ടെങ്കിൽ അങ്ങനെയുള്ള നിയമനടപടികൾ അവസാനിച്ചശേഷവും അന്തിമമായി തീരുന്നതും, അതിനുശേഷം അങ്ങനെ കണ്ടുകെട്ടിയ ഭൗതികവസ്തുവും മറ്റ് ഗതാഗത ഉപാധിയും എല്ലാ ബാധ്യതകളിൽ നിന്നും സ്വതന്ത്രമായി സർക്കാരിൽ നിക്ഷിപ്തമാകുന്നതും ആയതിന്റെ കൈവശം ജില്ലാ മജിസ്ട്രേറ്റിന് യുക്തമെന്ന് തോന്നുന്നതും ഒരു തഹസിൽദാരുടെ പദവിയിൽ താഴെയല്ലാത്തതുമായ ഏതെങ്കിലും ഉദ്യോഗസ്ഥനെ ഏൽപ്പിച്ചുകൊടുത്തുകൊണ്ട് അദ്ദേഹം ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.]

18. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.— (1) ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് അധികാരപ്പെടുത്തിയതോ അല്ലാത്തതോ ആയ ഏതെങ്കിലും ഉദ്യോഗസ്ഥന് എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിൻകീഴിൽ നൽകിയതോ നൽകിയതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും ഉത്തരവ് അനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും നടപടികൊണ്ട് ഉണ്ടായതോ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ എന്തെങ്കിലും നഷ്ടത്തിന് സർക്കാരിനെതിരായി യാതൊരു വ്യവഹാരമോ, മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

(3) യാതൊരു പബ്ലിക് സർവെന്റിനെയും അയാളിൽ നിക്ഷിപ്തമായിരിക്കുന്ന ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായോ, ആക്റ്റിന്റെ കീഴിൽ നടപടി എടുക്കുന്നതിന്റെ ഭാഗമായോ ഏതെങ്കിലും സാമഗ്രിയോ പ്രമാണമോ തയ്യാറാക്കുമ്പോഴോ, തടങ്കലിലാക്കപ്പെട്ടയാൾ ഉൾപ്പെട്ടതോ ശിക്ഷിക്കപ്പെട്ടതോ ആയ ഏതെങ്കിലും കുറ്റകൃത്യങ്ങളെ ഇനം തിരിക്കുമ്പോഴോ, ഉണ്ടാകുന്ന ഏതെങ്കിലും വീഴ്ച്ചയ്ക്കോ, തെറ്റിനോ, സദുദ്ദേശ്യത്തോടെ ചെയ്ത ഏതൊരു പ്രവർത്തിക്കോ വീഴ്ച്ചയ്ക്കോ യാതൊരു തരത്തിലും ശിക്ഷിക്കപ്പെടാവുന്നതല്ല.

(4) ഒരു പബ്ലിക് സർവെന്റ്, ഏതെങ്കിലും ഒരാളെ ഈ ആക്റ്റിന്റെ വ്യവസ്ഥയിൻകീഴിൽ തെറ്റായി ഉൾപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി ഏതെങ്കിലും പ്രവർത്തിയോ വീഴ്ചയോ മനഃപൂർവ്വമോ ദുരുദ്ദേശത്തോടുകൂടിയോ ചെയ്താൽ, സാധാരണയുള്ള ശിക്ഷാനടപടികൾക്ക് പുറമെ തടങ്കലിന്റെ ഓരോ ദിവസത്തിനും പ്രതിദിനം നൂറ് രൂപയിൽകവിയാത്ത ഒരു തുക, സർക്കാർ അപ്രകാരം ഉത്തരവിടുകയാണെങ്കിൽ, അങ്ങനെയുള്ള തടങ്കലിന് വിധേയനായ ആളിന് അങ്ങനെയുള്ള സർക്കാർ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നൽകേണ്ടതാണ്.

19. <u>കുറ്റങ്ങൾ കൊഗ്നൈസിബിളും ജാമ്യം ലഭിക്കാത്തവയും ആയിരിക്കുമെന്ന്.</u>— 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയി (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്)-ൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന എല്ലാ കുറ്റങ്ങളും ഈ ആക്റ്റിൻകിഴിൽ നൽകിയിട്ടുള്ള ഉത്തരവുകളുടെ മനഃപൂർവ്വമായ ലംഘനങ്ങളും കൊഗ്നൈസിബിളും ജാമ്യം ലഭിക്കാത്തവയുമായിരിക്കുന്നതാണ്.

20. സർക്കാരിന്റെ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന രീതി.—ഈ ആക്റ്റ് പ്രകാരം സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ സീലോടും ഒപ്പോടും കൂടിയുള്ളതായിരിക്കേണ്ടതാണ്.

21. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ഈ ആക്റ്റിന് വിരുദ്ധമല്ലാത്ത രീതിയിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഓരോ ചട്ടവും ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

22. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസ് (2007-ലെ 44) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.